പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 377 — 19.03.2013-ൽ മറുപടിയ്ക്ക്

## വൈദ്യുതോൽപ്പാദനവും വിതരണവും സ്വകാര്യവൽക്കരിക്കൽ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനവും വിതരണവും സ്വകാര്യവൽക്കരിക്കാൻ കേന്ദ്ര സർക്കാരിന്റെ നിർദ്ദേശമുണ്ടോ എന്നറിയിക്കാമോ ; | (എ) സംസ്ഥാന ഉമടസ്ഥതയിലുള്ള വിതരണ സ്ഥാപനങ്ങളുടെ (Discom) സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി കേന്ദ്ര സർക്കാർ രൂപം നൽകിയ സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയുടെ പാർട്ട്-സിയിൽ പ്രതിപാദിച്ചിട്ടുള്ള നിർബന്ധിത വ്യവസ്ഥകളിൽ സംസ്ഥാനത്തെ വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യ പങ്കാളിത്തവും ഉൾപ്പെടുന്നുണ്ട്. കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ വിതരണ വിഭാഗത്തെ സ്വകാര്യവൽക്കരിക്കാൻ ഒരു കർമ്മ പരിപാടി രൂപീകരിക്കാൻ നിർദ്ദേശിച്ചുകൊണ്ട് 2013 ഫെബ്രുവരി 13-ാം തീയതി പവർ ഫിനാൻസ് കോർപ്പറേഷൻ വൈദ്യുതി ബോർഡിന് കത്തു നൽകിയിരുന്നുവെങ്കിലും ബോർഡ് മറുപടി നൽകിയിട്ടില്ല. |
| (ബി) എങ്കിൽ പ്രസ്തുത നിർദ്ദേശം നടപ്പിലാക്കുവാൻ തീരുമാനി ച്ചിട്ടുണ്ടോ ; | (ബി) വൈദ്യുതി ബോർഡിന്റെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് സംസ്ഥാന വിതരണ സ്ഥാപനമായ വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുകയും 19-02-2013ൽ ചേർന്ന മന്ത്രിസഭാ യോഗം സാമ്പത്തിക പുനരുദ്ധാരണ പദ്ധതിയിൽ സംസ്ഥാന സർക്കാരും ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസി യും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public - Private - Participation) ഉണ്ടായിരിക്കുന്നതല്ല എന്ന് കേന്ദ്ര സർക്കാരിനോട് വ്യക്തമാക്കേണ്ടതാണ് എന്നും |

| | | | |
|---|---|---|---|
| | | | തീരുമാനിക്കുകയുണ്ടായി. തദനുസരണം സംസ്ഥാന സർക്കാരിന്റെ നിലപാടു വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-02-2013-ൽ കത്തു നൽകിയിട്ടുണ്ട്. |
| (സി) | 2013 ഏപ്രിൽ 1 മുതൽ വൈദ്യുതി വിതരണത്തിൽ സ്വകാര്യ പങ്കാളിത്തം ഏർപ്പെടുത്തുന്നതിന് തിരുമാനമെടുത്തിട്ടുണ്ടോ ; വിശദമാക്കുമോ ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ.